I·T

പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .87 — 11.06.2012-ൽ മറുപടിക്ക്

# ശ്രീ. എം.എം. മോനായി ചെയർമാനായുള്ള സമിതിയുടെ റിപ്പോർട്ടിന്മേലുള്ള തുടർനടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) ശ്രീ. എം.എം. മോനായി ചെയർമാനായുള്ള സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മത്സ്യമേഖലയ്ക്കായി സർക്കാർ കൈക്കൊണ്ട നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (എ) ശ്രീ. എം.എം. മോനായി ചെയർമാനായുള്ള കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലുമുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ മേൽ നോട്ടം വഹിക്കുന്ന ഫിഷറി ഡെവലപ്പ്മെന്റ് ഓഫീസർ, ഫിഷറീസ് സഹകരണ സംഘം സീനിയർ ഇൻസ്പെക്ടർമാർ അവരവരുടെ പരിധിയിൽപ്പെടുന്ന പ്രാഥമിക സഹകരണ സംഘങ്ങളിൽ അടിയന്തിര പരിശോധന നടത്തി ഇപ്പോൾ സമാപ്തീകരണത്തിന് ഇരിക്കുന്ന സംഘങ്ങളുടെ നടപടികൾ ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനും, പ്രവർത്തന രഹിതമായ സംഘങ്ങളുടെയും കടലാസ് സംഘങ്ങളുടെയും സമാപ്തീകരിക്കുന്ന നടപടിയുടെ ഭാഗമായി ബന്ധപ്പെട്ട ഫിഷറീസ് ജോയിന്റ് ഡയറക്ടർമാർക്ക് ആവശ്യമായ ശുപാർശ സമർപ്പിക്കാനും ടി ശുപാർശയുടെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർമാരെ നിയമിച്ച് |

പ്രവർത്തനരഹിതമായ സംഘങ്ങൾ സമാപ്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും, നടപടിയുടെ റിപ്പോർട്ട് ഫിഷറീസ് ഡയറക്ടർ സമർപ്പിക്കണമെന്നും മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജനകീയ ആഡിറ്റ് എന്ന പുതിയ നിർദ്ദേശം നടപ്പാക്കുന്നതിന് മുമ്പായി ആഡിറ്റ് നടത്തുന്നത് സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി ഫിഷറീസ് ഡെപ്യൂട്ടി രജിസ്ട്രാർ, ഫിഷറീസ് ഡെവലപ്പ്മെന്റ് ഓഫീസർ, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ, ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കുമോ; എങ്കിൽ ഏത് കാലയളവിനുള്ളിൽ നടപ്പാക്കും എന്ന് അറിയിക്കുമോ ; | (ബി) | (ബി) യും (സി) യും സമയബന്ധിതമായി നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതാണ്. |
| (സി) | പ്രസ്തുത നടപടികൾ നടപ്പിലാക്കാ നുദ്ദേശിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ? | (സി) | |

സെക്ഷൻ ഓഫീസർ